# ‘യഥാർഥ ശിക്ഷാവിധി’

## സഭാപ്രസംഗി 8:11

**“ദുഷ്പ്രവൃത്തിക്കുള്ള ശിക്ഷാവിധി തൽക്ഷണം നടക്കായ്ക കൊണ്ട് മനുഷ്യൻ ദോഷം ചെയ്‌വാൻ ധൈര്യപ്പെടുന്നു.”**

ഇന്ന് നാം ആയിരിക്കുന്ന ലോകത്തിൽ വളരെ പ്രസക്തിയുള്ള ഒരു വാക്യമാണ് മുകളിൽ കണ്ടത്. ഇന്ന് ദുഷ്ടത പ്രവൃത്തിക്കുന്നവർ ലോകത്തിൽ എല്ലാ സമൃദ്ധിയും സന്തോഷവും അനുഭവിച്ച് കഴിയുന്നു. നീതിയോടെയും നേരോടെയും ദൈവത്തെ അന്വേഷിച്ച് ജീവിക്കുന്നവർക്ക് ലോകപ്രകാരമുള്ള കഷ്ടതകളും, പ്രയാസങ്ങളും കടന്നു വരുന്നു. ഇത് ഇന്ന് വിശ്വാസികളെ പോലും പലപ്പോഴും ഇടറിക്കുവാൻ കാരണമാകുന്നു. എന്നാൽ യഥാർഥമായ സത്യം എന്താണ്. സങ്കീർത്തനക്കാരൻ പറയുന്നു “നിശ്ചയമായി നീ അവരെ വഴുവഴുപ്പിൽ നിർത്തുന്നു, നീ അവരെ നാശത്തിൽ തള്ളിയിടുന്നു.”

നമ്മുടെ ദൈവം നീതിമാനും, ദയാലുവും, കരുണാ സമ്പന്നനുമാകയാൽ അവൻ ക്ഷമയോടെ, ദുഷ്ടനും പാപിക്കും മനം തിരിഞ്ഞു മടങ്ങി വരാൻ അവസരം കൊടുത്ത് കാത്തിരിക്കുന്നു. എന്നാൽ ഇത് പലപ്പോഴും നാം തിരിച്ചറിയുന്നില്ല. അവൻ നമ്മുടെ അതിക്രമങ്ങൾക്കൊത്തവണ്ണം നമ്മോട് പകരം ചെയ്യാത്ത ഒരു ദൈവമാണ്. അതു കൊണ്ട് നാം പാപത്തിൽ നശിച്ചു പോകാതെ ഇന്നും നിലനിൽക്കുന്നു. ആയുസ്സിൽ ഒരു ദിവസം കൂടി നീട്ടി കിട്ടുമ്പോൾ ഈ ഒരു മടങ്ങി വരവാണ് ദൈവം ആഗ്രഹിക്കുന്നത്. അതുകൊണ്ട് ദൈവം ശിക്ഷിക്കുന്നില്ലല്ലോ എന്ന് കരുതി മന:പൂർവ്വമായി പാപത്തിൽ തുടരരുത്. ദുഷ്ടന്റെ വളർച്ചയിൽ അസൂയപ്പെടുകയുമരുത്. മറിച്ച് ഒരു ദൈവപൈതലിന്റെ പ്രത്യാശ എന്താണ് എന്ന് തിരിച്ചറിഞ്ഞ് അതിൽ ഉറച്ചു നിൽക്കണം. സങ്കീർത്തനം 73:24ൽ പറയുന്നു, “നീ എന്നെ വലങ്കൈക്കു പിടിച്ചിരിക്കുന്നു. നിന്റെ ആലോചനയാൽ നീ എന്നെ നടത്തും. പിന്നത്തേതിൽ മഹത്വത്തിലേക്ക് എന്നെ കൈക്കൊള്ളും.” ഇതാണ് ഒരു ദൈവപൈതലിന്റെ പ്രത്യാശ.

ദൈവം ന്യായവിധിക്കായി നമ്മോട് അടുത്തു വരുന്ന ഒരു ദിവസം ഉണ്ടെന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. എന്നാൽ അവൻ വരുന്ന ദിവസത്തെ ആർക്കു സഹിക്കാം അവൻ പ്രത്യക്ഷനാകുമ്പോൾ ആർ നിലനിൽക്കും എന്ന് മലാഖി 3:2ൽ പറയുന്നു. അതെ തീർച്ചയായും ചൂളപോലെ കത്തുന്ന ഒരു ദിവസം വരും. അപ്പോൾ അഹങ്കാരികളും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും എന്ന വചനത്തിന്റെ ഓർമ്മപ്പെടുത്തൽ നാം മറന്നു

പോകരുത്. ഈ ഒരു സത്യം തിരിച്ചറിഞ്ഞ് അനുതപിച്ച് തന്റെ സൃഷ്ടിയായ മനുഷ്യരെല്ലാം മനം തിരിഞ്ഞു മടങ്ങി വരണമെന്നാണ് സ്നേഹവാനായ ദൈവം ആഗ്രഹിക്കുന്നത്. എന്നാൽ ഈ സത്യം തിരിച്ചറിയാൻ അനുവദിക്കാതെ പാപത്തിൽ തുടർന്ന് ദൈവമക്കൾ നശിക്കണമെന്ന് സാത്താനും ആഗ്രഹിക്കുന്നു. എന്നാൽ കാൽവറി ക്രൂശിൽ സാത്താന്റെ മേൽ ജയം വരിച്ച ദൈവം, നമ്മെ മടങ്ങി വരാൻ അനേകം അവസരങ്ങൾ തന്ന് മടക്കി വിളിക്കുമ്പോൾ മന:പൂർവ്വമായി പുറം തിരിഞ്ഞു നിന്നാൽ മറ്റാർക്കും, മറ്റൊന്നിനും നമ്മെ രക്ഷിക്കാനാവില്ല എന്ന് നാം മറന്നു പോകരുത്.

അതു കൊണ്ട് ശിക്ഷാവിധി വൈകുന്നതു കൊണ്ട് പാപത്തിന് ശിക്ഷയില്ല എന്ന് കരുതരുത്, പാപത്തിൽ തുടരാൻ ശ്രമിക്കരുത്. പാപത്തിന്റെ ശമ്പളം മരണമാണ്. എന്നാൽ അനുതപിച്ച് മടങ്ങി വരുന്നവർക്ക് അവൻ പാപമോചനം നൽകി നിത്യജീവന്റെ അവകാശികളാക്കുന്നു. അതു കൊണ്ട് ഈ ലോകത്തിന്റെ അനുഭവങ്ങൾ കണ്ടിട്ട് ആരെയും വിധിക്കരുത്. വിശ്വാസവും പ്രത്യാശയും നഷ്ടപ്പെടരുത്. നമ്മോടുള്ള ദൈവത്തിന്റെ നിയമം "ജീവനും സമാധാനവുമാണ്" അത് നാമായിട്ടു നഷ്ടപ്പെടുത്തിക്കളയാൻ ഇടയാകല്ലേ എന്ന് പ്രാർത്ഥിക്കാം.

**പരാമർശം**

**മലാഖി 3:18**

**"അപ്പോൾ നിങ്ങൾ നീതിമാനും ദുഷ്ടനും തമ്മിലും ദൈവത്തെ സേവിക്കുന്നവനും സേവിക്കാത്തവനും തമ്മിലുള്ള വ്യത്യാസം വീണ്ടും കാണും."**

**സിസ്റ്റർ. നിനു ബിനു ബേബി ആലപ്പുഴ 050**